LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) മികച്ച സേവനങ്ങളും ആധുനിക സൗകര്യങ്ങളും എല്ലാതരം ഉപഭോക്താക്കൾക്കും മിതമായ നിരക്കിൽ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ സപ്ലൈകോയുടെ സ്വന്തമായുള്ള സ്ഥലത്ത് ഹൈപ്പർ മാർക്കറ്റുകൾ നടത്തി വരുന്നു. ആധുനിക സൗകര്യങ്ങളോടുകൂടിയ റാക്കുകൾ, ബില്ലിംഗ് രീതികൾ, ട്രോളി എന്നിവയ്ക്ക് പുറമേ എല്ലാ സാധനങ്ങളും സ്വയം പരിശോധിച്ച് ബോധ്യപ്പെട്ട് തൃപ്തിയായി തെരഞ്ഞെടുക്കുവാനുള്ള സൗകര്യങ്ങളും ഇത്തരം ഹൈപ്പർ മാർക്കറ്റുകളിലൂടെ സാധാരണ ജനങ്ങൾക്ക് ലഭ്യമാകുന്നുണ്ട്. സബ്സിഡി നിരക്കിലുള്ള 13 ഇനം അവശ്യസാധനങ്ങൾക്കും മറ്റെല്ലാ നിത്യോപയോഗ സാധനങ്ങൾക്കും പുറമേ മറ്റ് പ്രാദേശിക ഉപഭോക്തൃതാൽപ്പര്യ ഉത്പന്നങ്ങളും, സപ്ലൈകോയുടെ ഹൈപ്പർമാർക്കറ്റുകളിലൂടെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നുണ്ട്. ആയതിനാൽ ഒരു കുടുംബത്തിന് ആവശ്യമായ പരമാവധി എല്ലാ സാധനങ്ങളും, പൊതുജനങ്ങൾ ആഗ്രഹിക്കുന്ന വിവിധ ബ്രാന്റുകളിലുള്ള മറ്റ് എല്ലാ ഉത്പന്നങ്ങളും വളരെ കുറഞ്ഞ നിരക്കിൽ ഉപഭോക്തൃ ചൂഷണം ഒഴിവാക്കി ആധുനിക സൗകര്യങ്ങളോടെ ഒരു കുടക്കീഴിൽ ലഭ്യമാക്കുകവഴി മികച്ച സാധനങ്ങൾ യഥേഷ്ടം തെരഞ്ഞെടുക്കുന്നതിനും അതോടൊപ്പംതന്നെ ഷോപ്പിംഗ് ഒരു അനുഭവമാക്കാനും സാധിക്കുന്നു.

(സി) തലശ്ശേരി, കോട്ടയം, ഗാന്ധിനഗർ, വഴുതക്കാട്, കരുനാഗപ്പള്ളി എന്നിവിടങ്ങളിൽ സപ്ലൈകോയുടെ ഹൈപ്പർമാർക്കറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പിറവം ഹൈപ്പർ മാർക്കറ്റ്-കം-സബർബൻ മാളിന്റെ നിർമ്മാണം പുരോഗമിക്കുന്നു. തിരുവല്ല, കൊല്ലം എന്നിവിടങ്ങളിൽ ഹൈപ്പർമാർക്കറ്റിനുള്ള പദ്ധതിക്ക് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ

117(2752) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-ൽ സംസ്ഥാനത്ത് സപ്ലൈകോയുടെ എത്ര മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിച്ചിരുന്നു; അതിൽ ഏതെങ്കിലും മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തനരഹിതമായിട്ടുണ്ടോ;

(ബി) പ്രസ്തുത സ്റ്റോറുകളുടെ പ്രവർത്തനത്തിന് 2005 മുതൽ 2016 വരെ സിവിൽസപ്ലൈസ് കോർപ്പറേഷൻ ചെലവഴിച്ച തുകയെത്ര; സബ്സിഡി നൽകുന്നതിന് ചെലവഴിച്ച തുകയെത്ര ; വിശദമാക്കാമോ ;

(സി) സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനത്തിന് പ്രത്യേക ഫണ്ട് അനുവദിച്ചിരുന്നോ; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2011-ൽ സംസ്ഥാനത്ത് സപ്ലൈകോയുടെ കീഴിൽ 92 മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിച്ചിരുന്നു. അതിൽ 8 മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം നിർത്തലാക്കിയിട്ടുണ്ട്.

(ബി) സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തന ചെലവുകൾ പ്രത്യേകമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ലാത്തതിനാൽ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനത്തിന് 2005 മുതൽ 2016 വരെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ചെലവഴിച്ച തുക എത്രയെന്ന് കണക്കാക്കുവാൻ സാധിച്ചിട്ടില്ല. സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ സബ്സിഡി നിരക്കിലല്ല/മറിച്ച് കുറഞ്ഞ നിരക്കിലാണ് വിൽപ്പന നടത്തുന്നത്.

(സി) സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനത്തിന് സർക്കാരിൽ നിന്നും പ്രത്യേക ഫണ്ട് അനുവദിച്ചിട്ടില്ല.

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

118(2754) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി എത്ര തുകയാണ് വകകൊള്ളിച്ചത്; വർഷം തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച തുക എത്രയാണ്;

(സി) പൊതു കമ്പോളത്തിൽ ഇപ്പോഴും ക്രമാതീതമായി വിലക്കയറ്റം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിലക്കയറ്റം നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) മാർക്കറ്റിടപെടലിനായി കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല.

(സി) ചില സാധനങ്ങൾക്ക് നേരിയ തോതിലുള്ള വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. അന്യസംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യ സാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ കേരളത്തിൽ നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നിരുന്നാലും സപ്ലൈകോ വിപണിയിൽ ഫലപ്രദമായി ഇടപെടുന്നതുമൂലം അവശ്യസാധനങ്ങളുടെ വിലവർദ്ധന പിടിച്ചുനിർത്താൻ സാധിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.